മടവൂർപ്പാറ ഗുഹാക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം

106 (998) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പുരാവസ്തുവകുപ്പ് വിജ്ഞാപനപ്രകാരം മടവൂർപ്പാറ ഗുഹാക്ഷേത്രവും പാറയും സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുമ്പോൾ എത്ര ഹെക്ടർ സ്ഥലമാണ് ഉണ്ടായിരുന്നത് ;

(ബി) പ്രസ്തുത ഗുഹാക്ഷേത്രം ഏതു നിയമമനുസരിച്ച് ഏതുവർഷമാണ് ഏറ്റെടുത്തതെന്ന് പറയുമോ ;

(സി) സുരക്ഷിത സ്മാരകമായ ഗുഹാക്ഷേത്രവും ക്ഷേത്രം ഉൾക്കൊള്ളുന്ന പാറയും പുരാവസ്തു സ്മാരകത്തിലേയ്ക്കുള്ള വഴിയുമടങ്ങുന്ന സ്ഥലം ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെ പേരിൽ തിരിമറി നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ, അത്തരം ക്രമക്കേട് പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതെപ്പോഴാണെന്നും ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) മടവൂർപ്പാറ ഗുഹാക്ഷേത്രവും പാറയും സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുമ്പോൾ 6.43 ഹെക്ടർ സ്ഥലമാണ് ഉണ്ടായിരുന്നത്.

(ബി) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം 1974-ൽ ആണ് മടവൂർപ്പാറ ഗുഹാക്ഷേത്രം സർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചത്.

(സി) ഇതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അനധികൃത നിർമ്മാണം 1998-ൽ പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തിരുവനന്തപുരം ജില്ലാ കളക്ടറെ വിവരമറിയിക്കുകയും പ്രസ്തുത നിർമ്മാണം എത്രയും വേഗം പൊളിച്ചു മാറ്റണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

മടവൂർപ്പാറ സംരക്ഷിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ

107 (999) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1965-ലെ പുരാവസ്തു സങ്കേത പുരാവശിഷ്ട സംരക്ഷണ നിയമപ്രകാരം 1974-ൽ സർക്കാർ ഏറ്റെടുത്ത് പരിപാലിച്ചുവരുന്ന സംരക്ഷിത സ്മാരകമായ മടവൂർപ്പാറ ഗുഹാക്ഷേത്രവും പാറയും അതിന്റെ തനിമ നിലനിർത്തിക്കൊണ്ട് വിശ്വാസികൾക്കൊപ്പം വിനോദസഞ്ചാരികളെയും ആകർഷിക്കുംവിധം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുരാവസ്തു വകുപ്പ് ഒരു മാസ്റ്റർ പ്ലാൻ പൂർത്തിയാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ ; എങ്കിൽ, അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച മടവൂർപ്പാറ ഗുഹാക്ഷേത്രവും പാറയും അതിന്റെ തനിമ നിലനിർത്തിക്കൊണ്ട് വിശ്വാസികൾ ക്കൊപ്പം വിനോദ സഞ്ചാരികളെയും ആകർഷിക്കുംവിധം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുരാവസ്തു വകുപ്പ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നില്ല.

മടവൂർപ്പാറ ഗുഹാക്ഷേത്ര സമുച്ചയത്തെ ജനകീയ കമ്മിറ്റിയെയോ ദേവസ്വം ബോർഡിനെയോ ഏൽപ്പിക്കാൻ നടപടി

108 (1000) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1965- ലെ പുരാവസ്തു സങ്കേത പുരാവശിഷ്ട സംരക്ഷണ നിയമ പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്ത് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു പരിപാലിച്ചു വരുന്ന മടവൂർപ്പാറ ഗുഹാക്ഷേത്രവും പാറയും തന്ത്ര പ്രധാന ഭൂപ്രദേശവും റവന്യൂ അധികൃതർ ഒരു സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകിയിട്ടുള്ളതായും എല്ലാ സർക്കാർ ഉത്തരവുകളും ലംഘിച്ച് പുരാവസ്തു സംരക്ഷണ നിയമത്തിന് വിരുദ്ധമായി പ്രസ്തുത സ്മാരകത്തിന്റെ ഘടനയ്ക്കു കേടുവരുത്തുന്ന രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ ; എങ്കിൽ അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും പ്രസ്തുത പുരാവസ്തു സ്മാരകം സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ, സർക്കാർ സ്ഥത്തിൽ കൃത്രിമ രേഖകൾ ചമച്ച് അനധികൃത കയ്യേറ്റവും നിയമലംഘനവും നടത്തിയവർ തന്നെയാണോ ഇവിടത്തെ ദൈനം ദിന ഭരണകാര്യങ്ങൾ ഇപ്പോഴും കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ, കളക്ടറുടെ നിയന്ത്രണത്തിലുള്ള ജനകീയ കമ്മിറ്റിയെയോ ദേവസ്വം ബോർഡിനെയോ ഇവിടത്തെ ദൈനംദിന ഭരണം ഏൽപ്പിക്കുന്ന കാര്യം അടിയന്തിരമായി സർക്കാർ ആലോചിക്കുമോ ;

(ഡി) 13 നൂറ്റാണ്ട് പഴക്കമുള്ള ഈ സമുച്ചയം ഒരു തീർത്ഥാടന ഹെറിട്ടേജ് ഇക്കോടൂറിസ്റ്റ് കേന്ദ്രമാക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നും, ഇതിന്റെ സംരക്ഷണത്തിനും വികസനത്തിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ;

(ഇ) സംസ്ഥാനത്തെ ആർട്ട് ആന്റ് ഹെറിട്ടേജ് കമ്മീഷൻ ഇതിന്റെ സംരക്ഷണത്തിന് ഏതെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly